"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**സംഗ്രഹം**

തദ്ദേശസ്വയംഭരണ വകുപ്പ് - ആറ്റുകാൽ പൊങ്കാല - 2023 -2024 സാമ്പത്തിക വർഷം ചെലവഴിക്കാത്ത ഫണ്ട് നടപ്പ് സാമ്പത്തിക വർഷം അനുവദിച്ച് - ഉത്തരവ് പുറപ്പെടുവിക്കുന്നു.

**തദ്ദേശസ്വയംഭരണ (ഐ.എ) വകുപ്പ്**

സ.ഉ.(സാധാ) നം.1513/2024/LSGD തീയതി,തിരുവനന്തപുരം, 13-08-2024

പരാമർശം:-

1. സ.ഉ.(സാധാ) നം.1415/2023/തസ്വഭവ തീയതി 12/07/2023.
2. സ.ഉ.(സാധാ) നം. 1504/2023/തസ്വഭവ തീയതി 22/07/2023.
3. സ.ഉ.(സാധാ) നം. 172/2024/തസ്വഭവ തീയതി 22/01/2024.
4. തിരുവനന്തപുരം ജില്ലാ കളക്ടറുടെ 18/06/2024ലെ ഫിൻ4- E - 120556/18 നമ്പർ കത്ത്.
5. സ.ഉ.(സാധാ) നം. 5907/2024/ധന തീയതി 01/08/2024.

**ഉത്തരവ്**

ആറ്റുകാൽ പൊങ്കാല മഹോത്സവവുമായി ബന്ധപ്പെട്ട് 2023-2024 സാമ്പത്തിക വർഷം 2,43,32,000/- രൂപ അധികധനാനുമതി വഴി അനുവദിച്ചു നൽകുകയും അതിൽ 1,82,46,153/- രൂപ ചെലവാക്കുകയും ചെയ്തിട്ടുള്ളതാണെന്നും സാമ്പത്തിക വർഷാവസാനത്തെ ട്രഷറി നിയന്ത്രണം കാരണം ബാക്കി തുകയായ 60,85,847/- രൂപ ടി സാമ്പത്തിക വർഷം തന്നെ ചെലവാക്കുന്നതിന് സാധിച്ചിട്ടില്ലെന്നും ആയത് സറണ്ടർ ചെയ്തിട്ടുള്ളതുമാണെന്നും ആയതിനാൽ അനുവദിച്ചു നൽകേണ്ട ബാക്കി തുകയായ 60,85,847/- രൂപ നടപ്പ സാമ്പത്തിക വർഷത്തിൽ അടിയന്തിരമായി അനുവിദിച്ച് ഉത്തരവാകണമെന്നും പരാമർശം (4) പ്രകാരം ജില്ലാ കളക്ടർ സർക്കാരിനോട് അഭ്യർത്ഥിക്കുകയുണ്ടായി.

2) സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. ആറ്റുകാൽ പൊങ്കാല മഹോത്സവവുമായി ബന്ധപ്പെട്ട് 2023-2024 സാമ്പത്തിക വർഷം സറണ്ടർ ചെയ്ത തുകയിൽ പരാമർശം (5) പ്രകാരം അധികധനാനുമതിയായി "2217-01-800-94 പ്ലാൻ" എന്ന ശീർഷകത്തിൽ അനുവദിച്ചിട്ടുള്ള 44,57,000/- രൂപ (നാൽപത്തി നാല് ലക്ഷത്തി അൻപത്തി ഏഴായിരം രൂപ മാത്രം) റിലീസ് ചെയ്യുന്നതിന് ജില്ലാ കളക്ടർക്ക് അനുമതി നൽകി ഉത്തരവാകുന്നു.

3) മേൽ പ്രകാരമുള്ള അധിക ധനാനുമതിയായി ലഭ്യമായ തുക ധനപുനർവിനിയോഗം / ഉപധനാഭ്യർത്ഥന വഴി നടപ്പ് സാമ്പത്തിക വർഷം അവസാനിക്കുന്നതിന് മുൻപ് ക്രമീകരിക്കുന്നതിനുള്ള നടപടി ബന്ധപ്പെട്ട ശീർഷകത്തിന്റെ ചുമതലയുള്ള കൺട്രോളിംഗ് ഓഫീസർ സ്വീകരിക്കേണ്ടതാണ്.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
MANOJ T
ജോയിന്റ് സെക്രട്ടറി

ജില്ലാ കളക്ടർ, തിരുവനന്തപുരം
പ്രിൻസിപ്പൽ ഡയറക്ടർ, തദ്ദേശസ്വയംഭരണ വകുപ്പ്, തിരുവനന്തപുരം
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ആഡിറ്റ്/എ&ഇ/എൽ.ബി.എ.), കേരളം, തിരുവനന്തപുരം
ധനകാര്യ (വികസന) വകുപ്പ് (DEV-2/176/2024-FIN (E-2831633)

എക്സിക്യൂട്ടീവ് ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ, തിരുവനന്തപുരം

ഐ&പി.ആർ. (വെബ് & ന്യൂ മീഡിയ) വകുപ്പ്

സ്റ്റോക്ക് ഫയൽ / ഓഫീസ് കോപ്പി (IA2/110/2024/LSGD)

ഉത്തരവിൻ പ്രകാരം

Signed by

Vijitha M B

Date: 13-08-2024 15:50:57

സെക്ഷൻ ഓഫീസർ